**File No.DT/1868/2021-G1**

"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം

നമ്പർ: DT/1868/2021-G1

തീയതി: 08/09/2021

ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- പരീക്ഷാവിഭാഗം- AITT (Supplimentary) സെപ്റ്റംബർ -2021 പ്രാക്ടിക്കൽ പരീക്ഷയ്ക്കുള്ള പരീക്ഷാകേന്ദ്രങ്ങൾ പുനക്രമീകരിച്ച വിവരം അറിയിക്കുന്നത്- സംബന്ധിച്ച്

സൂചന:- DGT യിൽ നിന്നുള്ള 02/08/2021 ലെ MSDE-18011/08 /CTS/Jan-20/2019 -TTC(Pt.) നമ്പർ ഉത്തരവ

സൂചന പ്രകാരം 2021 സെപ്റ്റംബർ 13 മുതൽ സെപ്റ്റംബർ 18 വരെ നടക്കുന്ന സെമസ്റ്റർ/വാർഷിക സപ്ളിമെന്ററി പ്രാക്ടിക്കൽ, എഞ്ചിനീയറിംഗ് ഡ്രോയിംഗ് പരീക്ഷകൾക്കു സംസ്ഥാനത്ത് ആകെ ഉള്ള ഐ ടി ഐ കളിൽ നിന്നും വളരെ കുറച്ചു അപേക്ഷകൾ മാത്രമാണ് ലഭിച്ചിരിക്കുന്നത്. പല ഗവ/പ്രൈവറ്റ് ഐ ടി ഐ കളിലും ഒരു ട്രെയിനി മാത്രമാണ് പരീക്ഷ എഴുതാനുള്ളത്. ഈ സാഹചര്യത്തിൽ പ്രാക്ടിക്കൽ പരീക്ഷകൾക്കുള്ള പരീക്ഷാകേന്ദ്രങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ നോഡൽ/സബ് നോഡൽ ഐ ടി ഐ കളിലേക്ക് മാറ്റിയിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ പുനക്രമീകരിച്ച പരീക്ഷാ കേന്ദ്രങ്ങളുടെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ലിസ്റ്റിൽ ഉൾപ്പെടുത്തുന്നു.

**പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റമുള്ള വിവരം യഥാസമയം ട്രെയിനികളെ അറിയിക്കുന്നതിനു ബന്ധപ്പെട്ട ഐ ടി ഐ പ്രിൻസിപ്പാൾമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.** പരീക്ഷാകേന്ദ്രം പുന ക്രമീകരിച്ചത് കാരണം പല ട്രെയിനികൾക്കും ലഭ്യമായിരിക്കുന്ന ഹാൾ ടിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന സെന്ററിൽ ആവില്ല പ്രാക്ടിക്കൽ പരീക്ഷ നടക്കുന്നത്. ആയതിനാൽ ഇപ്പോൾ നൽകിയിരിക്കുന്ന പരീക്ഷാകേന്ദ്രങ്ങളിൽ പരീക്ഷ എഴുതുന്ന ട്രെയിനികളെ ടി വിവരം അറിയിക്കാൻ സ്ഥാപന മേധാവികൾ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

NEHAS M S, ADT DTTVPM, O/O

ADT DTTVPM

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം :- ലിസ്റ്റ്

എല്ലാ ഗവ:/പ്രൈവറ്റ് ഐ ടി ഐ പ്രിൻസിപ്പൽമാർക്കും,
പകർപ്പ്:- വെബ്സൈറ്റ് (Department)

// അംഗീകാരത്തോടെ //

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ട്രെയിനിംഗ്